(ഇ) ഇവർക്ക് കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 25,000 രൂപയും അതിൽ വീടുവയ്ക്കുന്നതിന് 35,000 രൂപയും ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവ മുഖേന ഗ്രാന്റായി നൽകിവരുന്നു.

(എഫ്) പ്രീ-മെട്രിക് തലത്തിൽ ടി വിഭാഗങ്ങൾക്ക് നൽകിവരുന്ന പ്രതിമാസ സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ പീഡന നിരോധനനിയമം അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്യാതിരുന്ന കേസുകൾ

15 (*345) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗ നിയമപ്രകാരമുള്ള കേസുകൾ നേരിട്ട് സെഷൻസ് കോടതികളിൽ ഫയൽ ചെയ്യാമെന്ന ഹൈക്കോടതി വിധി റദ്ദാക്കി കൊണ്ട് സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വിധിയുടെ പകർപ്പ് ലഭ്യമാക്കുമോ ; ഈ കാര്യത്തിൽ സർക്കാർ സ്വീകരിച്ചുവരുന്ന തുടർനടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) പട്ടികജാതി -പട്ടികവർഗ്ഗക്കാർക്ക് നേരെ അതിക്രമങ്ങൾ ഉണ്ടാകുമ്പോൾ പട്ടിക ജാതി പട്ടികവർഗ്ഗ പീഡന നിരോധന നിയമം അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്യാതിരുന്ന എത്ര കേസുകൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട് എന്ന് അറിയിക്കുമോ ; ഇപ്രകാരം വീഴ്ച വരുത്തിയ ഏതൊക്കെ ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വെന്ന് വ്യക്തമാക്കാമോ ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ&ബി) ഇത്തരമൊരു വാർത്ത ശ്രദ്ധയിൽ വന്നിട്ടുണ്ട്. വിധിയുടെ പകർപ്പ് കിട്ടിയിട്ടില്ല. കിട്ടിയതിനുശേഷം വ്യക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് നേരെ അതിക്രമങ്ങൾ ഉണ്ടാകുമ്പോൾ പട്ടികജാതി-പട്ടികവർഗ്ഗ പീഡന നിരോധനനിയമം അനുസരിച്ച് രജിസ്റ്റർ ചെയ്യേണ്ടതായ കേസുകൾ അപ്രകാരം രജിസ്റ്റർ ചെയ്യാതിരുന്നതായി ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കേസുകളിൽ ടി നിയമം അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്യാൻ വേണ്ട നിർദ്ദേശം പോലീസ് അധികൃതർക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly